# ഗവ.ഹയർ സെക്കണ്ടറി - സ്കൂൾ മമ്പറം

പി.ഒ. ആയിത്തറ മമ്പറം



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ കോഡ് | : | 14020 |
| വിദ്യാലയത്തിന്റെ പേര് | : | ജി എച്ച് എസ് എസ് മമ്പറം |
| മേൽവിലാസം | : | ആയിത്തറമമ്പറം.(പി.ഒ) കണ്ണൂർ ജില്ല, 670643 |
| ഇ.മെയിൽ | : | ghssmambram@gmail.com |
| വിദ്യാഭ്യാസ ഉപജില്ല | : | മട്ടന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ഗ്രാമപഞ്ചായത്ത് | : | മാങ്ങാട്ടിടം |
| ബ്ലോക്ക് പഞ്ചായത്ത് | : | കൂത്തുപറമ്പ് |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| ക്ലാസുകൾ | : | പ്രീ പ്രൈമറി മുതൽ പ്ലസ് ടു വരെ |
| പ്രിൻസിപ്പാളിന്റെ പേര് | : | വിനോദ് നന്ദ്യത്ത് |
| പ്രധാന അധ്യാപികയുടെ പേര് | : | പി.ടി ശ്രീലത |
| പിടിഎ പ്രസിഡന്റിന്റെ പേര് | : | ജ്യോതിഷ് പി |

# ആമുഖം

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കണ്ടറി വിദ്യാലയമാണ് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ മമ്പറം. ഉത്തര മലബാറിലും പരിസര പ്രദേശങ്ങളിലും ദേശീയ പ്രക്ഷോഭങ്ങളും നവോത്ഥാന പ്രസ്ഥാനവും സജീവമായ 1936 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ Mambram Board Elementary School ആരംഭിക്കുന്നത്. ആദ്യം മുതലേ പെൺകുട്ടികൾക്കും ഇവിടെ പ്രവേശനം നൽകിയിരുന്നു. 1 മുതൽ 5 വരെയുള്ള ക്ലാസുകളിലായിരുന്നു അധ്യയനം. സകൂൾ പ്രവർത്തിച്ച കെട്ടിടം 1953 ൽ പൊളിഞ്ഞു പോയതിനാൽ സ്കൂളിന്റെ പ്രവർത്തനം താൽക്കാലികമായി നിലച്ചുപോയി. എങ്കിലും വിദ്യാ ലയം പുനഃസ്ഥാപിക്കാനുള്ള ശ്രമം ഊർജ്ജിതമായി നടന്നു. ശ്രീ.നെല്ലിക്ക മന്ദൻ സംഭാവനയായി നൽകിയ 50 സെന്റ് സ്ഥലത്ത് നാട്ടുകാരുടെ പ്രവർത്തനത്തിന്റെ ഫലമായി 1955 ൽ വിദ്യാലയം പുനരാരംഭിച്ചു. കുട്ടികളുടെ വർദ്ധവനിനെ തുടർന്ന് സമീപത്തെ വീടുകളിലും കട വരാന്തകളിലും ക്ലാസുകൾ നടത്തേണ്ട അവസ്ഥകൾ വരെ ഉണ്ടായിരുന്നു.

കേരള പിറവിയ്ക്കു ശേഷം ഈ വിദ്യാലയം യു.പി.സ്കൂൾ ആവുകയും 1980 മുതൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യാനാവശ്യമായ പ്രവർത്തന ങ്ങൾ നടത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഒരു ഏക്കറോളം സ്ഥലം സൗജന്യമായി സർക്കാരിലേക്ക് നൽകാനും ഇന്നത്തെ ഗ്രൗണ്ട് നിൽക്കുന്ന സ്ഥലത്ത് താമസിച്ച കുടുംബത്തെ മാറ്റി പാർപ്പിക്കാനും ബന്ധപ്പെട്ട കമ്മിറ്റിക്ക് കഴിഞ്ഞു. 2004-05 അധ്യയന വർഷം ഹയർ സെക്കന്ററി സ്കൂളായി ഉയർത്ത പ്പെട്ടതോടെ വിദ്യാലയത്തിന്റെ വളർച്ചയുടെ ഒരു ഘട്ടം പൂർത്തിയായി. മാങ്ങാ ട്ടിടം ഗ്രാമ പഞ്ചായത്തിനു ലഭിച്ച് 'സ്വരാജ് ട്രോഫി' അവാർഡ് വിഹിതമായ 10 ലക്ഷം രൂപയും മറ്റ് ഫണ്ടുകളും ഏകോപിപ്പിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മി ക്കാനും ഈ ഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസുകൾ ഇവിടെ നടന്നു വരുന്നു. ഹയർ സെക്കണ്ടറിയിൽ സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റിസ് ബാച്ചുകളാണുള്ളത്. എസ്.എസ്.എൽ.സി പരീക്ഷയിൽ കഴിഞ്ഞ 19 വർഷമായി മുഴുവൻ വിദ്യാർത്ഥികളേയും വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം25% കുട്ടികൾ മുഴുവൻ വിഷയങ്ങളിലും എപ്ലസ് നേടിയിട്ടുണ്ട്. 3 സ്കൂൾ ബസ്സുകൾ വിദ്യാലയത്തിനുണ്ട്. സൗകര്യപ്രദമായ ഐ.ടി. ലാബിനൊപ്പം ടിങ്കറിംഗ് ലാബെർചൽ ലാബ് തുടങ്ങിയ ആധുനിക സംവിധാനങ്ങളും മികച്ച ലൈബ്രറി മുറിയും വിദ്യാലയത്തിനുണ്ട്. എസ്.പി.സി,ജെ.ആർ.സി, ലിറ്റിൽകൈറ്റ്സ്, ഗൈഡ്സ് യൂണിറ്റുകളും വിവിധ സ്കൂൾ ക്ലബ്ബുകളും ഇവിടെ സജീവമായി പ്രവർത്തിച്ചു വരുന്നു.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം ഉൾക്കൊണ്ട് ഈവർഷം മികച്ച അക്കാദമിക പ്രവർത്തനം സാധ്യമാക്കുക എന്ന ഉദ്ദേശ്യത്തിലധിഷ്ഠിതമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ വിശദമായ ചർച്ചയുടെ ഭാഗമായി രൂപപ്പെടുത്തിയിരിക്കുന്നത്.

# പൊതുലക്ഷ്യങ്ങൾ

> ഓരോ ക്ലാസിനും ആവശ്യമായ അക്കാദമിക-മികവ് നേടി വിദ്യാർത്ഥികളെ ഉന്നത പഠനത്തിനും ജീവിത വിജയത്തിനും
സജ്ജരാക്കുക.

*ശാരീരികവും മാനസികവും സാമൂഹികവും ഭൗതീകവുമായ വികാസത്തിന് വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന കേന്ദ്രമായി വിദ്യാലയത്തെ വളർത്തുക.

*കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

*എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്,ഹിന്ദി ഭാഷകൾ സംസാരിക്കുവാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

പഠന പിന്നാക്കക്കാരെയും ഭിന്നശേഷിക്കാരെയും പഠന മികവിലെത്തിക്കാൻ ക്രിയാത്മകമായ പഠനോപകരണങ്ങൾ സജ്ജീകരിക്കുക.

*ലൈബ്രറി ശാക്തീകരണ പ്രവർത്തനത്തിലൂടെ അക്കാദമിക , സർഗാത്മക നിലവാരം ഉയർത്തുക.

*ഗവേഷണാത്മക പ്രവർത്തനങ്ങളെയും പാരിസ്ഥിതിക പ്രവർത്തനങ്ങളെയും പഠനത്തിന്റെ ഭാഗമാക്കിമാറ്റുക. *ശാസ്ത്രാഭിരുചി വളർത്തുക.

മുഴുവൻ രക്ഷിതാക്കളുടെയും സ്കൂളുമായുള്ള ആത്മബന്ധം ഊട്ടിയുറപ്പിച്ച് വിദ്യാർത്ഥികളുടെ അക്കാദമിക,അക്കാദമികേതര പ്രവർത്തനങ്ങളിൽ ഭാഗ മാക്കുക.

*നാട്ടിലും സ്കൂളിലും ലഭ്യമായ പ്രതിഭകളുടെ സേവനം വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും ഗുണകരമാവും വിധം ഉപയോഗപ്പെടുത്തുക.

# മലയാളം (ഹൈസ്കൂൾ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരതെറ്റില്ലാത്ത ഭംഗിയുള്ള എഴുത്ത് | അക്ഷരത്തെളിച്ചം<br>എട്ടാം ക്ലാസിലെ കുട്ടികൾക്ക് അക്ഷരം പദം വാക്യം ഖണ്ഡിക എന്നിങ്ങനെയുള്ള ഘടന പാലിച്ച് ഭംഗിയിൽ എഴുതാനുള്ള പരിശീലനം ആഴ്ചയിൽ ഒരു മണിക്കൂർ | ജൂൺ<br>ജൂലൈ | മലയാളം അധ്യാപകർ | |
| വായന പരിപോഷിപ്പിക്കാൻ | വായന വസന്തം<br>ജൂൺ 19 വായനാദിനം മുതൽ ലൈബ്രറി കേന്ദ്രീകരിച്ച് വിവിധ പ്രവർത്തനങ്ങൾ, മത്സരങ്ങൾ, അവതരണങ്ങൾ പുസ്തക പരിചയം പുസ്തക പ്രദർശനം സെമിനാർ ശില്പശാല<br>ചുമർ പത്രപ്രകാശനം | ജൂൺ<br>ജൂലൈ | വിദ്യാരംഗം<br>എസ് ആർ ജി | |
| സാഹിത്യകാരന്മാരെ പരിചയപ്പെടുത്താൻ | പാഠഭാഗത്ത് പരിചയപ്പെടുന്ന എഴുത്തുകാരുടെ ദിനാചരണ ങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കൽ | വർഷം മുഴുവനും | വിദ്യാരംഗം | |
| വ്യവഹാരരൂപങ്ങൾ പരിചയപ്പെടൽ | പരീക്ഷകളിലും വിവിധ മത്സ രങ്ങളിലും ആവശ്യമാകുന്ന വ്യവഹാര രൂപങ്ങളായ ഉപന്യാസം താരതമ്യക്കുറിപ്പ് പ്രതികരണക്കുറിപ്പ് കഥാപാത്രനിരൂപണം പ്രഭാഷണം ആസ്വാദനക്കുറിപ്പ് മുഖപ്രസംഗം എന്നിവയിൽ പ്രത്യേക പരിശീലനം | ആഗസ്റ്റ് | മലയാളം അധ്യാപകർ | |
| രചനാപരിചയം<br><br>പാഠഭാഗങ്ങൾശരിയാ യി ആസ്വദിക്കുക<br><br>സാഹിത്യമത്സരങ്ങളി ൽ മികവ് നേടുക | കഥാകവിത ഉപന്യാസം തിരക്കഥാ ഗാനരചന തുടങ്ങിയ രചനകൾ പരിചയപ്പെടുത്താൻ ശില്പശാലകൾ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ | SRG<br>വിദ്യാരംഗം | |
| നോട്ടുപുസ്തകം ആകർഷകമാക്കുക<br><br>എട്ടാം ക്ലാസ്സിൽ നിന്ന് മികവ് നേടി 9, 10 ക്ലാസ്സുകൾ കൂടുതൽ മികച്ച നിലവാരത്തിൽ എത്തിക്കാൻ | മികച്ച എഴുത്തിന് സമ്മാനം നൽകൽ ചിത്രീകരണം കയ്യെഴുത്ത് ഉള്ളടക്കം എന്നിവ മുൻനിർത്തി പുസ്തകം തിരഞ്ഞെടുക്കുന്നു (എട്ടാം ക്ലാസിന്) | ഒക്ടോബർ | മലയാളം അധ്യാപകർ | |
| രചനകൾ പ്രസിദ്ധീകരിക്കൽ<br><br>എഴുത്തുകാരെ രൂപപ്പെടുത്താൻ | കയ്യെഴുത്ത് മാഗസിൻ തയ്യാറാ ക്കൽ<br><br>അനുകാലികങ്ങളിലേക്ക് പ്രസിദ്ധീകരണത്തിന് രചനകൾ കണ്ടെത്തൽ<br><br>കുട്ടികളുടെ രചനകൾ സമാഹരിച്ച് പുസ്തകം പ്രസിദ്ധീകരിക്കുക | | SRG<br>PTA | |

## ACADEMIC MASTER PLAN

Name of School:GHSSMambram

Section: HS

Subject: English

| Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| To enhance creative writing, creative thinking, group work, artistic skill, writing skill and linguistic abilities | Bridge course and introduction,<br><br>Class magazine, Teacher selects an editor and sub-editor, assigns tasks based on interest to extend learning beyond curriculum | | Teacher | English Club |
| Enhance creativity | Organise an English fest to showcase linguistic talents and creativity. Students display working/still models and Other projects. | | PTA | EnglishClub |
| Listeningand speaking skill improvement | Conduct Elocution competitions, introduce relevant discussion topics, | | Teacher | EnglishClub |
| Improve effective communication | Discussions, speaking exercises, | | Teacher | |

| | | | | |
|---|---|---|---|---|
| Skill for various contexts | talks,, analysis of media resources and competitions. Provide opportunities for public speaking. Include listening activities. | | | |
| Enhance grammar competency | Use Interactive grammar games, structured lessons with examples, worksheets, competitions based on grammar. | | Teacher | English Club |
| Language games, puzzles and activities | Games like story chain, word association, vocabulary bingo to Reinforce skills | | Teacher | English Club |
| Familiarize different values in life | Film festival with classical and value-Oriented films | | Teacher | PTA |
| Improve reading skill, pronunciation, tone, intonation | Arrange Class libraries, Reading corners,, Introduce students with different genres such as stories, dramas, poems, memoirs ,articles and essay books | | Teacher | English Club |
| Improve speaking skill | Play s the Audio tapes and familiarises pronunciation, fluency, and | | Teacher | English club |

| | | | | |
|---|---|---|---|---|
| | nonverbal communication. Arranges role plays, debates and presentations for advanced speaking practice. | | | |
| Writing skill | Organise Poster making competitions, guide students in creative writing, discussions, debates, presentations | | Teacher | English Club |
| Differentiation and support | Recognise and accommodate diverse learning needs through differentiated instruction. Special accommodation and additional support like peermen to ring, remedial programmes, etc help struggling student sand advanced learners. | | | |
| Assignment and feedback | Formative and summative assessments to identify strengths and areas for development. Involves students in self-Assessment and | | Teacher | English Club |

| | | | | |
|---|---|---|---|---|
| | provide resources for parents to support literacy at home. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഹിന്ദി HS 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു (എട്ടാംതരം) | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപിക | |
| ഓരോയൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക | ഒരു ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക.<br>ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ അവതരണം (8, 9, 10) | പ്രതിദിനം | ഹിന്ദി അധ്യാപിക | |
| ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | CWSN, SLOW LEARNERS കുട്ടികൾക്കായി ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായ അക്ഷരമാല അവതരണം 8 9 10 | ആഴ്ചയിൽ ഒരു തവണ | ഹിന്ദി അധ്യാപിക | |
| ഹിന്ദിഭാഷാ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപിക | |
| ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു | പാഠഭാഗം ആയി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുക (എച്ച്.എസ്) | ആഴ്ചയിൽ ഒരു തവണ | ഹിന്ദി അധ്യാപിക | |
| | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | ഹിന്ദി അധ്യാപിക | |
| | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ ജീവനികൾ ആത്മകഥകൾ കവിതകൾ കഥകൾ എന്നിവ വായിക്കുക | ആഴ്ചയിൽ ഒരുതവണ | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| | ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം വാർത്തകൾ കാണാനുള്ള അവസരം | ആറുമാസം | ഹിന്ദി അധ്യാപിക ക്ലാസ് അധ്യാപിക മറ്റ് അധ്യാപകർ | |
| | എഐ ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളുവാനും ഭാഷാപഠനം എളുപ്പത്തിൽ ആക്കാനും ഉള്ള പ്രവർത്തനങ്ങൾ | ആറുമാസം | ഹിന്ദി അധ്യാപിക ക്ലാസ് അധ്യാപിക | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# സോഷ്യൽ സയൻസ് ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര ാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ** സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **ലാബ് 2025 26** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ |
| മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | **ആക്റ്റീവ് 2025** സർവ്വേ പ്രൊജക്റ്റ് ചർച്ചകൾ സംവാദം ക്ലാസ്സുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സോഷ്യൽ സയൻസ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| ഭൂപട വായന കുട്ടികളിൽ വളർത്തുക നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | **ലോക കാഴ്ച** ഭൂമിശാസ്ത്രപരമായ വസ്തുതകൾ പഠിക്കാൻ ഭൂപട വായന അറ്റ്ലസ് എന്നിവ പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | **മാസ്റ്റർ മൈൻഡ് ഓഫ് മമ്പറം** വിദ്യാർത്ഥികളെ പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കാൻ വാരാന്ത്യ ക്വിസ് വാർഷിക മത്സരങ്ങൾ എന്നിവ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **സിനിമ കാഴ്ച** ഭൂമിശാസ്ത്ര രാഷ്ട്രീയ സാമൂഹിക ചരിത്ര സംഭവങ്ങളെ വീഡിയോ പ്രദർശനം സിനിമാ പ്രദർശനം എന്നിവ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |

# ഗണിതം HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ | അധ്യാപകർ പഠന മുന്നോക്ക വിദ്യാർത്ഥികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഗണിത ശില്പശാല | ജൂലൈ | ഗണിത ക്ലബ്ബ് | |
| | ഒന്നാം പാദ വാർഷിക പരീക്ഷ തയ്യാറെടുപ്പ് | ആഗസ്റ്റ് | അധ്യാപകർ | |
| ഗണിതത്തിൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി, കൂടുതൽ പരിശീലനം നൽകൽ | ഗണിത ക്വിസ് മത്സരം പ്രതിഭ നിർണയ പരീക്ഷ ഉപജില്ലാ ശാസ്ത്രമേള തയ്യാറെടുപ്പ് രാമാനുജൻ പേപ്പർ പ്രസന്റേഷൻ | സെപ്റ്റംബർ | അധ്യാപകർ | |
| | ഭാസ്കരാചാര്യ സെമിനാർ ഗണിത ലാബ് പഠനോപകരണങ്ങൾ ശേഖരിക്കും | ഒക്ടോബർ | ഗണിത ക്ലബ്ബ് | |
| | പാദവാർഷിക പരീക്ഷ തയ്യാറെടുപ്പ് | നവംബർ | അധ്യാപകർ ഗണിത ക്ലബ്ബ് | |
| ഗണിതത്തിൽ താല്പര്യവും ശേഷിയും വളർത്തുക ഗണിത ലാബ് – പ്രായോഗിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കാൻ | ദേശീയ ശാസ്ത്ര ഗണിതശാസ്ത്ര ദിനാഘോഷം ഡിസംബർ 22 | ഡിസംബർ | അധ്യാപകർ ഗണിത ക്ലബ്ബ് | |
| | പി ഐ ചരിത്രവും പ്രാധാന്യവും സെമിനാർ | ജനുവരി | ഗണിത ക്ലബ്ബ് | |
| ഭാരതീയ ഗണിത ശാസ്ത്രജ്ഞരെക്കുറിച്ചും അവരുടെ സംഭവനകളെക്കുറിച്ചും മനസ്സിലാക്കൽ | തിരിഞ്ഞുനോട്ടം എസ്എസ്എൽസി റിവിഷൻ | ഫെബ്രുവരി | അധ്യാപകർ | |
| Pi- പൈ എന്ന സംഖ്യയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കൽ | വാർഷിക പരീക്ഷാ പ്രത്യേക പരിശീലനം | മാർച്ച് | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ കുട്ടികളെ കൊണ്ട്നിർമ്മിക്കുന്നു പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| കുട്ടികളിൽ ശാസ്ത്ര താല്പര്യം ഉണ്ടാക്കുക | സ്കൂൾതലത്തിൽ ഒരു ചെറിയ ഐഡിയ കോമ്പറ്റീഷൻ നടത്തി ഇൻസ്പെയർ അവാർഡിന് അപേക്ഷിക്കാനുള്ള കുട്ടികളെ കണ്ടെ ത്തുന്നു | ജൂലായ് | സയൻസ് അധ്യാപകർ | |
| ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര സംബന്ധമായ മാസികകൾ ശാസ്ത്ര ലൈബ്രറി എന്നിവയുടെ ക്രമീകരണം ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുക | | | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സ്കൂളുകളിലെ ഔഷധത്തോട്ട നവീകരണം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ<br><br>പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്ത ലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| വിദ്യാർത്ഥികളിൽ ഗവേഷണ താൽപര്യം ഉണ്ടാക്കുക | ടിങ്കറിംഗ് ലാബ് ഉപയോഗിച്ച് കുട്ടികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു ഇലക്ട്രോണിക് റോബോട്ടിക്സ് മേഖലയിൽ പരിശീലനം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |

# സംസ്കൃതം അക്കാദമിക് മാസ്റ്റർ പ്ലാൻ
# ക്ലാസ് 8, 9, 10

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം എച്ച് സ്ഥലത്തിലെ എല്ലാ കുട്ടികൾക്കും പദങ്ങൾ കൂട്ടി വായിക്കുവാനും വാക്യനിർമ്മാണവും | ഭാഷാജ്ഞാനം അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ വായന കാർഡ് വായന കേളി പാട്ടുകളും കഥകളും കേൾപ്പിക്കൽ പറയാൻ പഠിക്കാം ചിത്രകഥകൾ ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ ഓഗസ്റ്റ് | അധ്യാപിക | |
| സംസ്കൃത ഭാഷയെ ജനകീയ വത്കരിക്കാൻ ഭാഷയോടു മികച്ച സമീപനം ഉാക്കുക | സംസ്കൃത ക്ലബ്ബ് സംസ്കൃത ഭാഷയിലെ സിനിമാപ്രദർശനം രാമായണം മാസാചരണം പ്രശ്നോത്തരി സംസ്കൃത പദപ്രശ്നം | ജൂൺ ജൂലൈ | അധ്യാപിക പിടിഎ രക്ഷിതാക്കൾ | |
| വായനാലോകം കുട്ടികളുടെ വായന മെച്ചപ്പെടുത്തൽ | തിരഞ്ഞെടുപ്പ് പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി ഓരോ പീരിയഡിലും 5 മിനിറ്റ് വായന | നിരന്തരം പ്രധാന ദിനം | അധ്യാപിക | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന പഠന നേട്ടങ്ങൾ | പഠനോപകരണ നിർമ്മാണം ഗൃഹസന്ദർശനം പത്രനയാത്ര | ആറുമാസം | അധ്യാപിക | |
| മത്സര പരീക്ഷയ്ക്ക് | | ജൂൺ മാർച്ച് | | |

| | | | | |
|---|---|---|---|---|
| തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കുവാൻ നൽകുന്നു ക്വിസ് മത്സരം നടത്തുന്നു നിരന്തരം മൂല്യനിർണയം ചെയ്യുന്നു പ്രത്യേക ക്ലാസ് നൽകുന്നു ഗൃഹ സന്ദർശനം നടത്തുന്നു പ്രത്യേക ശ്രദ്ധ നൽകുന്നു | | | |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | ലൈബ്രറി ഒരുക്കുന്നു സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | ജൂൺ മാർച്ച് | അധ്യാപിക | |
| ക്ലാസ് റൂം ആകർഷക മാക്കുന്നതിന് | | ജൂൺ മാർച്ച് | അധ്യാപിക | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അസംബ്ലി രൂപീകരണം | എല്ലാ ക്ലാസുകളിലും അസംബ്ലിയെക്കുറിച്ചും പ്രാധാന്യത്തെ മനസ്സിലാക്കി പഠിപ്പിക്കൽ | ജൂൺ ജൂലൈ | | |
| ചെറു കളികൾ പരിചയപ്പെടൽ | ക്ലാസ്സ് സമയങ്ങളിൽ രസകരമായിട്ടുള്ള കളികളിലൂടെ കുട്ടികളെ ഏകീകരിക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | | |
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം | പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ബോധവൽക്കരിക്കൽ | അധ്യയന വർഷം | | |
| യോഗദിനം | യോഗ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് യോഗ പരിശീലനം പ്രദർശനവും | ജൂൺ 21 | | |
| Olympic ഡേ | ഒളിമ്പിക്സ് ഡേ യോടനുബന്ധിച്ച് ഒളിമ്പിക്സ് റൺ ദ്വീപ് ശികാപ്രയാണം എന്നിവ നടത്തൽ ഏറോബിക് ഡാൻസ് | ജൂൺ 23 | | |
| ദേശീയ കായിക ദിനം | കായിക ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് പോസ്റ്റർ രചന മത്സരം ക്വിസ് മത്സരം വിവിധതരം കൈകളിലൂടെ പ്രദർശനം | ആഗസ്റ്റ് 29 | | |
| വിവിധതരം കളികൾ പരിചയപ്പെടൽ | മേജർ കളികളെ കുറിച്ച് ക്ലാസ്സിലും ഗ്രൗിലുമായി കുട്ടികളെ പരിചയപ്പെടുത്തൽ | അധ്യായന വർഷം | | |
| കായികരംഗത്ത് സ ്കൂളിലെ ജില്ലകളിൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക | ജൂലായ് മുതൽ | പിടിഎ എസ് ആർ ജി പി ടി | പിടിഎ എസ് ആർ ജി പി ടി |

| | | | | |
|---|---|---|---|---|
| ഉന്നത നിലവാരത്തിൽ എത്തിക്കൽ | പരിശീലനം കൊടുത്ത് സബ്ജില്ലാ ജില്ലാ മത്സരത്തിൽ പങ്കെടുക്കൽ | | കായിക ക്ലബ്ബ് | കായിക ക്ലബ്ബ് |
| വാർഷിക സ്പോർട്സ് മീറ്റ് | കുട്ടികളെ വിവിധ ഹൗസ് തിരിച്ച് വയസ്സ് അടിസ്ഥാനത്തിൽ മീറ്റ് നടത്തൽ | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബ ർ | | |

# യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു ഭാഷ കേളി<br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br><br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടെ കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ<br><br>ജൂലൈആഗസ്റ്റ്<br><br>ഒന്നാം ടൈം | മലയാളം അധ്യാപകർ | |
| പഠിതാവിൽ അത്തപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു | പത്രം മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു<br><br>വാർത്ത വായന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ആസ്പദമാക്കി | എല്ലാ ദിവസവും | മലയാളം ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | ക്വിസ് മത്സരം നടത്തുന്നു | | | |
| സാഹിത്യകൃതികളെയും സാഹിത്യ കലാകാരന്മാരോടുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സാഹിത്യകാരന്മാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു പഠിതാക്കളുടെ സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ 2 പ്രാവശ്യം വർഷാവസാനം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | വിദ്യാരംഗം |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നൃത്താവിഷ്കാരം ലഘു നാടകങ്ങൾ എന്നിവ അവതരിപ്പിക്കുന്നു | വർഷാവസാനം | പിടിഎ എസ് ആർ ജി | പിടിഎ |
| കുട്ടികളുടെ അവതരണ മികവ് | ഓരോ ആഴ്ചയും പ്രധാനപ്പെട്ട വാർത്തകൾ അവതരിപ്പിക്കുന്നു സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | ആഴ്ചകളിൽ ഒന്ന് | ക്ലാസ് ലീഡർ മലയാളം അധ്യാപകർ എസ് ആർ | വിവിധ ക്ലബ്ബുകൾ എസ് ആർ ജി |

# സംസ്കൃതം അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനം ലളിതം രസകരം കളികളിലൂടെ സംസ ്കൃത പഠനം | | | | |
| അക്ഷരകേളി | | | | |
| പദകേളി | | | | |
| വീട് ഒരു പരീക്ഷണശാല | | | | |
| വായനാലോകം കുട്ടികളെ വായനാ ലോകത്തേക്ക് കൊ ുവരൽ | | | | |
| മത്സര പരീക്ഷയ്ക്ക് തയ്യാറാക്കൽ | | | | |
| പ്രത്യേകം പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ | | | | |
| | | | | |

# ACADEMIC MASTER PLAN

Name of school : GHSSMambaram

Section : UP

Subject : English

| Aim | Activities | Month | Responsible person | Economic source |
|---|---|---|---|---|
| To encourage listening and speaking | ❖ Interactive story telling session<br>• Discussing<br>• characters plot<br>• Team<br>Group discussion and role play to improve speaking skills<br>Vocabulary games and exercise to build on word knowledge<br>Picture description to enhance vocabulary<br>E cube English stories | June-July | English Teacher | English Club |
| To encourage reading<br>Develop basic reading writing listening and | Interactive reading circles<br>Divide students in the small groups and | | English Teacher | English Club |

| | | | | |
|---|---|---|---|---|
| speaking skills | provide them short stories or excerpts from text<br><br>Each group reads thepart together and discuss key elements like plot characters and themes .<br><br>Encourage students to take turns to read aloud and share their ideas | | | |
| Cultivate communication skill for various contexts | After discussion each group present a summary | August-September | English Teacher | English Club |
| To improve comprehension and speaking skill | Guided reading sections with comprehension and comprehension questions<br><br>exercises using audio stories debates and presentation for speaking practice | September-October | English Teacher | English Club |
| To develop writing skills | Improve sentence | October- | English | English Club |

| | | | | |
|---|---|---|---|---|
| introduce grammatical concepts suggest parts of speech tenses and sentence Structure<br><br>Focus on sentence structure punctuations and grammar | <u>structure</u><br><br>practice for simple creative writing task like<br><br>descriptive paragraph short stories simple poetry etc<br><br>Projects and assignment to foster practical thinking<br><br>Preparing and deliveringspeech | November | Teacher | |
| To expand vocabulary through reading and inter active activities | Interactive grammar games Structured grammar lessons with practicing exercises | | English Teacher | English Club |
| Improve writing skill | Worksheet on tense parts of speech discuss other grammatical elements | December-February | English Teacher | English Club |
| To improve presentation power | Group and individual presentation Skit,speech ,role play based on lessons and other | March | English Teacher | English Club |

| | | | | |
|---|---|---|---|---|
| | themes | | | |
| Language games puzzles and activities assessment and feedback | Language games and activities to improve vocabulary ,grammar and languages skills using variety of assessment ttask tools to measure language proficiency | Through out year | English Teacher | English Club |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഞ്ചു ആറു ഏഴ് ക്ലാസിലെ കുട്ടികൾക്ക് അക്ഷര ബോധം ഉറപ്പിക്കൽ | അക്ഷര കാർഡുകൾ പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിയെടുത്ത് പഠിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട് അക്ഷര രചന വീഡിയോ കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി വായന തെറ്റുകൂടാതെ ഹിന്ദി വായിക്കാനുള്ള കഴിവ് നേടാൻ പ്രാപ്തരാക്കും | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി ഡി താഴെ ഹിന്ദിയിൽ വാക്യം ഉള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് നേടാൻ പ്രാപ്തരാക്കും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും ഹിന്ദിയുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി പദപരിചയം | വായനയ്ക്ക് ഹിന്ദി പാഠഭാഗം തെറ്റിച്ച് അധ്യാപിക വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി | ഓഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| ഹിന്ദി ഭാഷയോട് താൽപര്യക്കുറവ് | അഞ്ചാം ക്ലാസിൽ കാർഡ് നിർമ്മാണം പദനിർമ്മാണം മത്സരം അക്ഷരക്കളി ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ കഥകൾ സിനിമ എന്നിവയുടെ പ്രദർശനം | ജൂൺ ജൂലൈ ആയി വരെ | ഹിന്ദി അധ്യാപിക | |
| വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പേരുകൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ തയ്യാറാക്കുക | സെപ്റ്റംബർ മുതൽ ഒക്ടോബർ | ഹിന്ദി അധ്യാപിക | |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കുട്ടികളുടെ സർഗാത്മകത പ്രോത്സാഹിപ്പിക്കുക ശാസ്ത്ര ആശയം പ്രവർത്തനങ്ങളിലൂടെ വിശദീകരിക്കുക. Learning by doing പ്രോത്സാഹിപ്പിക്കുക. | ശാസ്ത്ര മൂല പ്രദർശനം ക്ലാസിലെ കുട്ടികളുടെ ഉത്പന്നങ്ങൾ ശാസ്ത്ര മൂലയിൽ പ്രദർശിപ്പിക്കുക വീടുകളിൽ കുട്ടികളുടെ കുഞ്ഞു ശാസ്ത്രമുല സജീകരിക്കുക കൂടുതൽ ഉൽപ്പന്നങ്ങൾ വരുമ്പോൾ സ്കൂളിലെ മറ്റു കുട്ടികൾക്കായി പ്രദർശനം സംഘടിപ്പിക്കുക | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ ശാസ്ത്ര അധ്യാപിക. | ശാസ്ത്ര ക്ലബ്ബ് |
| 2. ശാസ്ത്രപരീക്ഷണങ്ങളിലേർപ്പെടാനും ശാസ്ത്ര ആശയങ്ങൾ ചർച്ച ചെയ്യാനും ശാസ്ത്രരംഗത്തെ നൂതനമായ അറിവുകൾ പങ്കുവയ്ക്കാനും വേദിയൊരുക്കുക. | കുഞ്ഞു ശാസ്ത്ര കൂട്ടം ശാസ്ത്ര ക്ലബ് രൂപീകരിക്കുന്നു ആഴ്ചയിൽ ഒരിക്കൽ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു കുട്ടി ഒരു പരീക്ഷണം അവതരിപ്പിക്കുന്നു. വീഡിയോ രക്ഷിതാക്കളിലേക്ക് വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി എത്തിക്കുന്നു നൂതന ആശയങ്ങൾ കണ്ടെത്തി അറിവുകൾ പങ്കുവെക്കാൻ ആഴ്ചയിലൊരിക്കൽ നടത്തുന്ന യോഗത്തിൽ അവസരം ഉണ്ടാക്കുന്നു. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാസത്തിൽ ഒരു തവണ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ജൂൺ മാർച്ച് | ശാസ്ത്ര അധ്യാപിക | പിടിഎ |
| 3. ചുറ്റുപാടുകളെ, ഭൂമിയെ, പ്രകൃതിയെ സംരക്ഷിക്കാനും ജൈവകൃഷിയിലൂടെ സുസ്ഥിരമായ പ്രകൃതിക്കായി ആരോഗ്യത്തിനായി പ്രവർത്തിക്കാൻ അവസരമൊരുക്കുന്നു | എന്റെ അടുക്കളത്തോട്ടം ജൈവവളങ്ങൾമാത്രം ഉപയോഗിച്ച് ഓരോ കുട്ടികളും തങ്ങളുടെ വീട്ടുപരിസരത്ത് പച്ചക്കറി കൃഷി നടത്തുന്നു ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പച്ചക്കറി ത്തോട്ടം നടത്തുന്നു. വിളവുകൾ സ്കൂൾ അടുക്കളയിലേക്ക് ക്ലബ് അംഗങ്ങൾ സംഭാവന ചെയ്യുന്നു. | ജൂൺ മാർച്ച് | ശാസ്ത്ര അധ്യാപകർ ജൈവവൈവിധ്യ ക്ലബ്ബ് ഹരിത ക്ലബ് | ശാസ്ത്ര ക്ലബ്ബ് പിടിഎ. |
| 4. പരിസര ശുചിത്വം വ്യക്തി ശുചിത്വം എന്നിവ പാലിച്ചുകൊണ്ട് രോഗാണു വാഹകരായ ജീവികളെ അകറ്റിനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുക | എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം. മഴക്കാല രോഗങ്ങൾ തടയാനും രോഗകാരികളായ ജീവികളെ കുറിച്ച് ബോധവൽക്കരണം നടത്താനുമുള്ള പ്രവർത്തനങ്ങൾ. വീഡിയോ പ്രദർശനം പോസ്റ്റർ രചന തുടങ്ങിയവ ക്ലാസ് മുറിയിൽ നിന്നു തുടങ്ങി മാലിന്യങ്ങൾ വേർതിരിച്ചു | ജൂൺ ജൂലൈ ജൂൺ മാർച്ച് ജൂലൈ ആഗസ്റ്റ്. | എല്ലാ അധ്യാപകരും ക്ലാസ്സ് ലീഡർ ക്ലാസ് അംഗങ്ങൾ | ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | വയ്ക്കുന്നു. സ്കൂൾ പരിസരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ആഴ്ചയിലൊരിക്കൽ പെറുക്കി മാറ്റി പരിസരം ശുചിയാക്കുന്നു.<br>ആവശ്യമുള്ള ഇടങ്ങളിൽ പ്ലക്കാർഡുകൾ വയ്ക്കുന്നു.<br>നല്ല ആഹാരശീലങ്ങൾ വ്യക്തിത്വം പ്രതിരോധ കുത്തിവെപ്പ് പോഷക ആഹാരം എന്നിവയെ കുറിച്ച് ബോധവൽക്കരണം. വീഡിയോ സ്കിറ്റ് തുടങ്ങിയവ. | | | |
| 5. ആകാശ വിസ്മയങ്ങൾ ബൈനോക്കുലർ ടെലിസ്കോപ്പ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് നേരിൽ അറിയുക ഉപകരണങ്ങൾ നിർമ്മിച്ച് സർഗാത്മക വർദ്ധിപ്പിക്കുക | ഒത്തു കൂടാം കാഴ്ച കാണാം<br>ആകാശഗോളങ്ങളെയും നക്ഷത്രങ്ങളെയും നഗ്ന നേത്രങ്ങൾ കൊണ്ട് കാണാനായി ക്യാമ്പ് സംഘടിപ്പിക്കുന്നു.<br>ടെലസ്കോപ്പ് നിർമ്മാണം നടത്തി പ്രദർശിപ്പിക്കുന്നു | ജനുവരി ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ | ശാസ്ത്ര ക്ലബ് |

.

.

# മേഖല യുപി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അങ്കത്തട്ട് കളിയിൽ നിന്നു കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിലും നൽകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉളവാക്കി മാറ്റിയെടുക്കുക. | ഓർമ്മച്ചെപ്പ്<br>അന്തർ ദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ<br>ആസ്പദമാക്കി ICT സാധ്യതകളും ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| | Virtual field trp<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം **രൂപപ്പെടുത്തുക** | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | . പ്രകൃതി താണ്ഡവം നേർക്കാഴ്ച ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കുകയോ അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration ക്ലാസുകൾ സംഘടിപ്പിക്കുകയോ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് പഠിതാക്കളെ ബോധവാന്മാരാക്കുകയു ം ചെയ്യുന്നു | അക്കാദമിക വർഷാരംഭം | | സാമൂഹ്യശാസ്ട്ര ത അധ്യാപകൻ |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു നന്മയുടെ നുറുങ്ങുവെട്ടം | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ പ്രകൃതികൾ എന്നിവരെ സന്ദർശിച്ച വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിതവായ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാക്കുന്നു | അക്കാദമിക വർഷാരംഭം | പിടിഎ<br><br>സാമൂഹ്യശാസ്ട്ര ത അധ്യാപകൻ | |
| 6. വിവരമിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെ ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷാ സൈബർ കുറ്റ കൃത്യം എന്നീ വിഷയങ്ങളിൽ | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |
| 7. സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കാടെവിടെ മക്കളെ ഫീൽഡ് ട്രിപ്പ് സർവേ പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ ,കണക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര ത അധ്യാപകൻ | |
| 8. സാമൂഹ്യശാസ് ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു.<br><br>പുതുചക്രവാളത്തിലേക്ക് | സിവിൽ സർവീസ് പരീക്ഷ എഴുതാൻ പ്രാപ്തി നേടും വിധ അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്തൽ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ടെ രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | | സാമൂഹ്യശാസ്ത്ര ത അധ്യാപകൻ സാമൂഹ്യ ശാസ്ത്ര ക്ലബ് |

# മേഖല യുപി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു. | ജൂൺമാസം | ഗണിത അധ്യാപകൻ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരച്ചലന ശേഷികളുടെ വികാസവം | ഒറിഗാമി ശിൽപ്പശാല ജാപ്പനീസ് കലയായ ഒറിഗാമയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകാൻ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗാമമാക്കാൻ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കാൻ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4.ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിയ വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൾ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പിടിഎ |
| 5.ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ മറ്റു വിദ്യാലയങ്ങളിൽ മറ്റു മേഖലയിലും പ്രവർത്തിക്കുന്നവർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ | പി.ടിഎ |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യതകളിലൂടെ | ജ്യാമിതിയ രൂപങ്ങൾ ചതുഷ്ക്രിയകൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | | |
| 7.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ഗണിതത്തിൽ മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് ഗണിത അധ്യാപകരും സമർത്ഥരായകുട്ടികളും. | ഗണിത അധ്യാപ കരും സമർത്ഥരായകുട്ടികളും. | |
| 8. വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# എൽപി വിഭാഗം അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കാൻ | ജ്യമിതിയ രൂപങ്ങളുടെ നിർമ്മാണ ക്യാമ്പ് ഗണിത ക്യാമ്പ് ഒറി ഗാമി ശിൽപശാല ടാൻഗ്രാം | ആവശ്യാനുസരണം | SRG<br>CT SMC | PTA |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം പ്രശ്നോത്തരി പസിൽ പാറ്റേൺ നിർമ്മാണം | വർഷം മുഴുവൻ | SRG<br>CT | PTA |
| പഠന പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ ഗണിത ലാബ് തയ്യാറാക്കൽ | ആവശ്യാനുസരണം | SRG<br>CT SMC | PTA |
| ഗണിതശേഷികളുടെ അവതരണം | ഗണിതോത്സവം സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | SRG<br>CT<br>SMT PTA | PTA |

# എൽ പി വിഭാഗം അക്കാദമിക് മാസ്റ്റർ പ്ലാൻ പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമല | സാമ്പത്തിക |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവും | ഭക്ഷണമേള പ്രദർശനം | ജൂൺ ജൂലൈ | ജൂൺ ജൂലൈ | PTA |
| പ്രകൃതിയെ അറിയാനും ആസ്വാദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടം നിർമ്മാണം പ്രകൃതി നടത്തം ഫീൽഡ്ട്രിപ്പ് | വർഷം മുഴുവൻ | SRG<br>CT<br>SMC<br>PTA | PTA |
| ശുചിത്വബോധമുള്ള വ്യക്തികളെയും അതുവഴി സമൂഹ ത്തെയും സൃഷ്ടിക്കുന്നതിന് നാട് അറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം പരിസരങ്ങ ളിലേക്ക് | ജനുവരി | CT PTA | PTA |
| ശാസ്ത്രാവബോധം വളർത്തൽ | ലഘു പരീക്ഷണ ശില്പശാല ശാസ്ത്ര പ്രതിഭകളെ അടുത്തറിയാൻ വാനനിരീക്ഷണം സംഘടിപ്പിക്കാൻ സയൻസ് പാർക്ക് സന്ദർശനം ശാസ്ത്ര ദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | CT<br>SRG<br>SMC | PTA |
| കേരളം ഇന്ത്യ ഭൂപട വായന പരിചയപ്പെടൽ | ഭൂപട രചന ക്യാമ്പ് ഭൂപട പ്രദർശനം. | ആവശ്യാനുസരണം | SRG CT | PTA |

# എൽ പി വിഭാഗം അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു | വർഷം മുഴുവൻ | SRG<br>CT | PTA |
| ലേഖനമികവ് | രചന ക്യാമ്പുകൾ പതിപ്പ് തയ്യാറാക്കൽ രചന ശിൽപ്പശാലകൾ കഥ കവിത | ആവശ്യാനുസരണം | SRG<br>CT | PTA |
| പ്രതിഭകളെ അടുത്തറിയൽ | ഡോക്യുമെന്ററി പ്രദർശനം കവികളുമായി സംവാദത്തിൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ ക്വിസ് പ്രഭാഷണങ്ങൾ. | ആവശ്യാനുസരണം | | PTA |
| വായന പരിപോഷണം | പുസ്തക ശേഖരണം വായന കളരി പുസ്തക പരിചയ രചന ആസ്വാദനക്കുറിപ്പ് അനുകാലിക വായന | ആവശ്യാനുസരണം | SRG<br>CT | PTA |
| ICT സാധ്യത പ്രയോജനപ്പെടുത്തൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സിനിമകൾ നാടകം പ്രദർശനം സംഘടിപ്പിക്കൽ | | SRG<br>CT | PTA |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികളുടെ അവതരണം | കോർണർ PTA വാർഷികോത്സവം മികവ് പ്രദർശനം | | SRG<br>CT<br>SMC | SSA<br>PTA |

# എൽ പി വിഭാഗം അക്കാദമിക മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Class1<br>ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ സിനിമ പ്രദർശനം<br>കഥയരങ്ങ് കവിത സംഘടിപ്പിക്കൽ | AS required | SRG<br>CT | SSA<br>PTA |
| Class 2<br>ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ. | പ്രതിഭാധനരുമായി സംവദിക്കൽ<br>ബാലസഭ ഇംഗ്ലീഷ് അസംബ്ലി | Monthly | SRG<br>CT<br>SMC | SSA<br>PTA |
| Class 3<br>ആശയം അറിഞ്ഞും ഒഴുക്കോടെയും വായന സംസാരം | ക്ലാസ് ലൈബ്രറി<br>വാർത്താവായന മത്സരം സംഘടിപ്പിക്കൽ<br>വായന ക്യാമ്പ്<br>സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | As required | SRG<br>CT<br>SMC<br>PTA | SSA<br>PTA |
| ആശയമറിഞ്ഞും ഒഴുക്കോടെയും വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | ഇംഗ്ലീഷ് അസംബ്ലി<br>ലൈബ്രറി ഡയറി<br>ഡിക്ഷ്ണറി തയ്യാറാക്കൽ skit drama conversation story telling magazine തയ്യാറാക്കൽ | As required | SRG<br>CT<br>SMC<br>PTA | SSA<br>PTA |

# ഉപസംഹാരം

.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം മുഴുവൻ കുട്ടികൾക്കും നൽകുക എന്ന വിശാലമായ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കാൻ ഈ വിദ്യാലയം പദ്ധതികൾ ആസൂത്രണം ചെയ്തു കഴിഞ്ഞിരിക്കുകയാണ്. ഭാഷ,ഗണിതം, ശാസ്ത്രം, കലാകായികം, ഐ.ടി പഠനത്തിന് സവിശേഷ പദ്ധതികൾ ഇതിനായി നടപ്പിലാക്കി വരികയാണ്. പി.ടി.എ യുടെയും പൊതു സമൂഹത്തിന്റെയും വലിയ പിന്തുണ ഈ പ്രവർത്തനങ്ങൾക്കായി പ്രതീക്ഷിക്കുന്നുണ്ട്. ഈ അർഥത്തിൽ ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട മിനിമം നിലവാരം ഉറപ്പുവരുത്താൻ സാധ്യമാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് ജി.എച്ച്.എസ്.എസ്. മമ്പറം മുന്നോട്ടു പോകുകയാണ്.

ഓരോ വിഷയത്തിനും ദൈനംദിന പഠന വ്യവഹാരങ്ങൾക്കു പുറമെ അധിക സമയം കണ്ടെത്തുന്നു. അവധി ദിനങ്ങളും ആഘോഷ ദിനങ്ങളുമെല്ലാം സവിശേഷ പഠന പ്രവർത്തനങ്ങളാക്കി മാറ്റുന്നു. അധ്യാപകർക്കൊപ്പം രക്ഷിതാക്കളെയും സമൂഹത്തിലെ പ്രതിഭാധരെയും ഈ പരിശ്രമത്തിന്റെ ഭാഗമാക്കുന്നു. ഇങ്ങനെ പഠനം ആകർഷകവുംആഴമുള്ളതുമാക്കി മാറ്റുക എന്ന ഒരു ദൗത്യം വിദ്യാലയം ഏറ്റെടുത്തിരിക്കുകയാണ്. അതിന്റെ ഫലപ്രാപ്തിയിലേക്ക് നടന്നുതുടങ്ങിയിരിക്കുകയാണ്.